# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 276 — 08/11/2019-ൽ മറുപടിയ്ക്ക്

### ലൈഫ് മിഷൻ മൂന്നാം ഘട്ടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ദാസൻ<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, കെ.ജെ. മാക്സി<br>,, ആർ. രാജേഷ് | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ഭവനരഹിതരില്ലാത്ത കേരളം സൃഷ്ടിക്കാനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന ലൈഫ് മിഷൻ ഒന്നും രണ്ടും ഘട്ടം പൂർത്തിയായിട്ടുണ്ടോ; എത്ര വീടുകൾ നിർമ്മിച്ചു; | എ) | ലൈഫ് മിഷൻ ഒന്നാംഘട്ടത്തിൽ 51,831 വീടുകളും രണ്ടാംഘട്ടത്തിൽ 48,759 വീടുകളും പി.എം.എ.വൈ (നഗരം) - ലൈഫ് പ്രകാരം 26015 വീടുകളും, പി.എം.എ.വൈ (ഗ്രാമീൺ) -ലൈഫ് പ്രകാരം 16,229 വീടുകളും ഉൾപ്പെടെ നാളിതുവരെ ആകെ 1,42,834 വീടുകൾ പൂർത്തിയായിട്ടുണ്ട്. |
| ബി) | ഭൂമിയും വീടുമില്ലാത്തവർക്ക് വീട് വച്ച് നൽകുന്ന മൂന്നാം ഘട്ടത്തിന് ആവശ്യത്തിനുള്ള ഭൂമി കണ്ടെത്താൻ സാധ്യമായിട്ടുണ്ടോ; എത്ര ഇടങ്ങളിൽ ഭൂമി ലഭ്യമായിട്ടുണ്ട്; | ബി) | ഭൂമിയും വീടുമില്ലാത്തവർക്ക് വീട് വെച്ച് നൽകുന്ന മൂന്നാംഘട്ടത്തിന് ആവശ്യത്തിനുള്ള ഭൂമി കണ്ടെത്തി വരുന്നു. നിലവിൽ 314 - ഓളം സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലങ്ങളുടെ അനുയോജ്യത പരിശോധന നടന്നു വരുന്നു. |
| സി) | ലൈഫ് മിഷൻ കേന്ദ്രസർക്കാർ പദ്ധതിയാണെന്ന് ചില തൽപരകക്ഷികൾ നടത്തുന്ന | സി) & ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ ഭവന പദ്ധതിയായ ലൈഫ് മിഷൻ ഭവന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് |

| | | | |
|---|---|---|---|
| | പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | അർഹരായ മുഴുവൻ ഭൂമിയുള്ള ഭവന രഹിതർക്കും ഭൂരഹിത ഭവനരഹിതർക്കും വാസയോഗ്യമായ ഭവനം നൽകുന്നതിന് ഉദ്ദേശിച്ചാണ്. വീടൊന്നിന് 4.00 ലക്ഷം രൂപ വച്ചാണ് ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നൽകുന്നത്. കേന്ദ്ര സർക്കാർ പി.എം.എ.വൈ (ഗ്രാമീൺ) - ൽ 72,000 രൂപയും പി.എം.എ.വൈ (നഗരം) - ൽ 1,50,000 രൂപയുമാണ് നൽകുന്നത്, സംസ്ഥാനത്ത് വീടില്ലാത്ത എല്ലാ ഗുണഭോക്താക്കൾക്കും 4.00 ലക്ഷം രൂപ വച്ച് ലഭിക്കുന്നതിനായി കേന്ദ്ര പദ്ധതിയായ പി.എം.എ.വൈ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ട്. |
| ഡി) | പി.എം.എ.വൈ(ഗ്രാമീൺ), പി.എം.എ.വൈ (നഗരം) പദ്ധതികളിൽ കേന്ദ്രസർക്കാർ ഓരോ വീടിനും എത്ര തുകയാണ് നൽകുന്നതെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ